**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4381** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഐ.സി.ഡി.എം.എസ്. വഴി ഓഡിറ്റ് റിപ്പോർട്ട് നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നു കണ്ടിട്ടും അവരുടെ ഓഡിറ്റ് റിപ്പോർട്ട് ഐ.സി.ഡി.എം.എസ്. വഴി പൊതുജനങ്ങൾക്ക് അല്ലെങ്കിൽ അംഗങ്ങൾ അല്ലാത്തവർക്ക് നൽകുന്നത് ഉചിതമാണോ എന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു കഴിഞ്ഞാൽ ടി റിപ്പോർട്ട് പൊതുരേഖയായി മാറുന്നതാണ്.<br><br>സഹകരണസംഘങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ ജനവിശ്വാസം ആർജ്ജിച്ച് സഹകരണ മേഖലയ്ക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമ വുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളത്.<br><br>സഹകരണസംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും, ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും, യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനും CAMIS ലൂടെ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംഘം ഓഡിറ്റ് റിപ്പോർട്ടും സ്ഥിതി വിവരകണക്കുകളും, സംഘം ഭരണ സമിതിയുടെ അനുമതിയോടുകൂടി തന്നെയാണോ ഐ.സി.ഡി.എം.എസിൽ കൂട്ടിച്ചേർക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പ്രസിദ്ധ പ്പെടുത്തുന്നതിന് ഭരണസമിതിയുടെ അനുമതി ആവശ്യമില്ല. Banking Regulation Act ന കീഴിൽ വരുന്ന സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ